**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2617** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഏകീകൃത ബ്രാൻഡിംഗ് വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനു കീഴിൽ കൊണ്ടുവന്നു വിപണിയിൽ സജീവമാക്കുന്നതിനായി "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുകയാണ്. സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനു കീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവടുവെയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ്.<br><br>പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിന് **coopkerala** എന്ന ട്രേഡ് മാർക്ക് രൂപകൽപ്പന ചെയ്തിട്ടുണ്ട്. അതിനു 1999 ലെ ട്രേഡ് മാർക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രറിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമാണ്. സഹകരണ ഉൽപ്പന്നങ്ങൾക്കു **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് അനുവദിക്കുന്നതിനായി അതുമായി ബന്ധപ്പെട്ട എക്സ്പെർട്ട്, ഫുഡ്സേഫ്റ്റി ഉദ്യോഗസ്ഥർ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുൾപ്പെട്ട മാനേജിംഗ് കമ്മിറ്റി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നൽകി വരുകയാണ്. ആദ്യ ഘട്ടത്തിൽ12 സംഘങ്ങളുടെ 28 ഉൽപ്പന്നങ്ങൾക്ക് coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്.<br><br>സുരക്ഷിത ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പടെ സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോപ്പ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. കോപ്പ്മാർട്ടുകളുടെ എണ്ണം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്. ഉൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും കോപ്പ്മാർട്ടുകളിലേക്ക് ആവശ്യമായ സാധനങ്ങൾ എത്തിക്കുന്നതിനായുള്ള ലോജിസ്റ്റിക്സ് ചുമതല നോർത്ത് മലബാർ ഡിസ്ട്രിക്ട് സപ്ലൈ & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്.1103 (എൻ.എം.ഡി.സി)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആന്റ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ (E-selling mobile application & Web application software) തയ്യാറാക്കുന്നതിനുള്ള നടപടി വളരെ പുരോഗതിയിലാണ്. ആദ്യഘട്ടം ഔട്ട്-ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയും വിധമുള്ള സോഫ്റ്റ് വെയർ ആണ് നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ് വെയർ പ്രാബല്യത്തിൽ വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ